താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി

149 (T6600) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തസ്തികകളിലായി എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ;

(ബി) ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ 10 വർഷം കാലാവധി പൂർത്തിയാക്കിയ സി.എൽ.ആർ. വർക്കർമാരെ സ്ഥിരപ്പെടുത്തിയതിൽ ധനകാര്യവകുപ്പ് എതിർപ്പ് പ്രകടിപ്പിച്ചുവോ ; ഇവരെ സ്ഥിരപ്പെടുത്തിയതുമൂലം സർക്കാരിന് എത്ര രൂപയുടെ ബാധ്യതയുണ്ടായിട്ടുണ്ട് ;

(സി) വനം വകുപ്പിൽ 20 വർഷം കഴിഞ്ഞ താൽക്കാലിക വാച്ചർമാരെ സ്ഥിരപ്പെടുത്തുന്നതിൽ ധനകാര്യ വകുപ്പ് എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ ; എത്ര രൂപയുടെ ബാധ്യതയാണ് ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ളത് ; ഇവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള തടസ്സം എന്താണ് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിൽ ഡ്രൈവർ തസ്തികയിൽ 3 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) നിബന്ധനകളോടെ മന്ത്രിസഭയുടെ അംഗീകാരത്തിനു വിധേയമായി ധനവകുപ്പ് അംഗീകാരം നൽകിയിരുന്നു. ഇതുമൂലമുണ്ടായ ബാധ്യതയുടെ വിവരം ധനകാര്യ വകുപ്പിൽ ലഭ്യമല്ല.

(സി) ഉണ്ട്. 135 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക വഴി 118.16 ലക്ഷം രൂപയുടെ അധിക സാമ്പത്തികബാധ്യത പ്രതിവർഷം ഉണ്ടാകുമെന്ന് വനം വകുപ്പ് കണക്കാക്കിയിട്ടുണ്ട്. അധിക സാമ്പത്തിക ബാധ്യതകൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണങ്ങൾ നിലവിലുള്ളതാണ് തടസ്സം.

ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ ഏജന്റുമാരുടെ പ്രതിഫലം

150 (6601) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ ഏജന്റുമാരുടെ പ്രതിഫലം മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, ഏത് കാലയളവ് വരെയാണ് കുടിശ്ശിക തുക നൽകാനുള്ളതെന്ന് വിശദമാക്കാമോ ;

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏജന്റുമാരുടെ പ്രതിഫലം കുടിശ്ശിക തീർത്ത് എന്നേക്ക് നൽകാനാകും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2014 ജനുവരി മുതലാണ് കുടിശ്ശിക തുക നൽകാനുള്ളത്.

(സി) 2014 ആഗസ്റ്റ് 15-നകം ഏജന്റുമാരുടെ പ്രതിഫലം കുടിശ്ശിക തീർത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ തസ്തികകൾ നികത്തുന്നത് സംബന്ധിച്ച്

151 (6602) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യപദ്ധതി വകുപ്പിൽ ഡി.പി.സി. കൂടാത്തത് കാരണം പല ജില്ലകളിലും ഡെപ്യൂട്ടി ഡയറക്ടർ തസ്തിക ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡിപിസി എത്രയും വേഗം കൂടി ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾ നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വ്യാപാരികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് മൂല്യവർദ്ധിത നികുതിയുടെ വർദ്ധനവ്

152 (6603) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓരോവർഷവും വ്യാപാരികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനക്കനുസരിച്ച് മൂല്യവർദ്ധിത നികുതി വർദ്ധിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) 2011-12, 2012-13 വർഷത്തിൽ ഉണ്ടായ വ്യാപാരികളുടെ വർദ്ധനവ് എത്രയെന്നും നികുതി പിരിവ് എത്ര ശതമാനമാണെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly